പ്ലാച്ചിമടയിലെ കൊക്കോക്കോള കമ്പനിയുടെ പ്രവർത്തനം

3 (*213) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. കെ. പി. മോഹനൻ :
ശ്രീ. എം. കെ. പ്രേംനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാച്ചിമടയിലെ കൊക്കോക്കോള കമ്പനിയുടെ പ്രവർത്തനം സംബന്ധിച്ച് ജയകുമാർ കമ്മിറ്റി റിപ്പോർട്ട് എന്നാണ് ലഭിച്ചത്;

(ബി) റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്ന കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ;

(സി) റിപ്പോർട്ടിലെ ശിപാർശകളിൻമേൽ ബന്ധപ്പെട്ട വകുപ്പുകളുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): സർ,

(എ) പ്ലാച്ചിമടയിലെ കൊക്കോക്കോള കമ്പനിയുടെ പ്രവർത്തനം സംബന്ധിച്ച് നിയുക്തമായ ശ്രീ. കെ. ജയകുമാർ ഐ.എ.എസ്. അദ്ധ്യക്ഷനായ ഉന്നതാധികാരസമിതിയുടെ റിപ്പോർട്ട് 22-3-2010-നാണ് സർക്കാരിന് ലഭിച്ചത്.

(ബി) ഉന്നതാധികാരസമിതി റിപ്പോർട്ടിലെ ശിപാർശകൾ അംഗീകരിക്കുകയും പ്ലാച്ചിമട കൊക്കോക്കോള കമ്പനിയുടെ പ്രവർത്തനംമൂലം തദ്ദേശവാസികൾക്കുണ്ടായ നഷ്ടപരിഹാരം നിർദ്ദേശിക്കുന്നതിലേക്കായി ഒരു ട്രിബ്യൂണൽ രൂപീകരിക്കുന്നതിനുള്ള നിയമനിർമ്മാണ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(സി) ഉണ്ട്. ഉന്നതാധികാരസമിതിയിൽ കൃഷി, ആരോഗ്യം, മൃഗസംരക്ഷണം, സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ്, ഭൂജല വകുപ്പ്, കേന്ദ്ര ഭൂജല ബോർഡ്, കാർഷിക സർവ്വകലാശാല, കേരള വാട്ടർ അതോറിറ്റി എന്നിവിടങ്ങളിലെ വിദഗ്ദ്ധർക്കു പുറമേ പരിസ്ഥിതിയും, നിയമവുമായി ബന്ധപ്പെട്ട വിദഗ്ധരും ഉൾപ്പെട്ടിരുന്നു. ഉന്നതാധികാരസമിതി റിപ്പോർട്ടിലെ ശിപാർശകളിൻമേൽ വ്യവസായ വകുപ്പിന്റേയും നിയമവകുപ്പിന്റേയും അഭിപ്രായം സർക്കാർ ആരാഞ്ഞിട്ടുണ്ട്.

ശ്രീ. എം. വി. ശ്രേയാംസ് കുമാർ: സർ, അതീവ ഗുരുതരമായ കാർഷിക പാരിസ്ഥിതിക സാമൂഹ്യ പ്രശ്നം ഈ കമ്പനിയുടെ പ്രവർത്തനം കാരണമാകുമെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഉന്നതാധികാര സമിതി കണ്ടെത്തിയിട്ടുണ്ട്. ഇതിനെതിരെ നടപടി സ്വീകരിക്കുന്നതിന് ഒരു വകുപ്പു സെക്രട്ടറിക്ക് മറ്റൊരു വകുപ്പു സെക്രട്ടറിയുടെ കുറിപ്പ് തടസ്സമാകുന്നത് ഗവൺമെന്റിന് നാണക്കേടാണ്. ഈ കാര്യത്തിൽ ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കാമോ?

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ: സർ, പ്ലാച്ചിമട കൊക്കോക്കോള കമ്പനിയുടെ മലിനീകരണ പ്രശ്നവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് സജീവമായി

LIBRARY ARCHIVES Kerala Legislative Assembly

ചർച്ച ചെയ്തതാണ്. വിവിധ വകുപ്പുകളുടെ അഭിപ്രായം ആരാഞ്ഞു. അഭിപ്രായം ആരാഞ്ഞതിനുശേഷമുള്ള ഒരു കൺസൻസിന്റെ ഭാഗമായിട്ടാണ് ഒരു ട്രൈബ്യൂണൽ രൂപീകരിക്കാനുള്ള നിയമനിർമ്മാണത്തിലേക്ക് പോകാൻ ഗവൺമെന്റ് തീരുമാനിച്ചത്.

ശ്രീ. കെ. പി. മോഹനൻ: സർ, ജയകുമാർ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അഖിലേന്ത്യാ ഇടതുപക്ഷ പാർട്ടികളും പ്രത്യേകിച്ച് സഖാവ് എ. ബി. ബർദൻ സംസ്ഥാന മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദന് ഒരു കത്ത് എഴുതിയിരുന്നു. ആ കത്ത് ജലവിഭവ വകുപ്പിന് കൈമാറിയെന്നാണ് അറിയാൻ കഴിഞ്ഞത്. അതുപോലെതന്നെ വ്യവസായ വകുപ്പിനും കൈമാറിയിട്ടുണ്ട്. പ്രസ്തുത കത്തിന്മേൽ എന്ത് നടപടിയെടുത്തുവെന്ന് വിശദീകരിക്കാമോ?

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ: സർ, കത്തിന്മേൽ മാത്രമല്ല, ഈ ഗവൺമെന്റിന്റെ തന്നെ പോളിസിയുടെ ഭാഗമായിട്ടാണ് പ്ലാച്ചിമടയിലെ കൊക്കക്കോള കമ്പനിയുടെ പ്രവർത്തനത്തിന്റെ ഭാഗമായി പ്രദേശവാസികൾക്കുണ്ടായ ബുദ്ധിമുട്ടിനെ സംബന്ധിച്ച് പഠിച്ച് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻവേണ്ടി കെ. ജയകുമാർ ഐ. എ. എസ്. കമ്മിറ്റിയെ നിയമിച്ചത്. ആ റിപ്പോർട്ട് കിട്ടിയതിന്റെ അടിസ്ഥാനത്തിൽ രണ്ട് ഓപ്ഷനുകളാണ് ജയകുമാർ കമ്മിറ്റി പറഞ്ഞത്. ഒന്ന്, എൻവയോൺമെന്റൽ പ്രൊട്ടക്ഷൻ ആക്റ്റ് സെക്ഷൻ 3(3) അനുസരിച്ച് കേന്ദ്ര ഗവൺമെന്റിനെ സമീപിച്ച് ഒരു അതോറിറ്റി രൂപീകരിക്കുക. അതല്ലെങ്കിൽ by a legislation ഒരു tribunal constitute ചെയ്യുക എന്നുള്ളതാണ്. അതിൽ ഗവൺമെന്റ് ഓപ്റ്റ് ചെയ്തത് ട്രൈബ്യൂണൽ കൊൺസ്റ്റിറ്റ്യൂട്ട് ചെയ്യാനുള്ള നിയമനിർമ്മാണമാണ്. ആ നിയമനിർമ്മാണം ഏതാണ്ട് അന്തിമ ഘട്ടത്തിലാണ്. ഈ ഗവൺമെന്റിന്റെ കാലയളവിൽത്തന്നെ കഴിയുമെങ്കിൽ ജനുവരി മാസത്തിൽത്തന്നെ ആ നിയമനിർമ്മാണവുമായി മുന്നോട്ടുപോകാൻ തന്നെയാണ് ഗവൺമെന്റ് ആലോചിക്കുന്നത്.

ശ്രീ. എം. കെ. പ്രേംനാഥ്: സർ, പ്ലാച്ചിമടയിൽ വാട്ടർ ആക്ടിന്റെയും എൻവയോൺമെന്റൽ പ്രൊട്ടക്ഷൻ ആക്ടിന്റെയും ഇൻഡ്യൻ പീനൽകോഡിന്റെയും ലംഘനമാണ് നടക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് കമ്പനിക്കെതിരായി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ: സർ, ഈ കാര്യത്തിലെല്ലാം ഒൻപത് നിയമങ്ങളുടെ ലംഘനം നടത്തിയിട്ടുണ്ടെന്നാണ് കെ. ജയകുമാർ ഐ. എ. എസ്. കമ്മിറ്റി റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ആ നിയമലംഘനങ്ങളുടെ ഭാഗമായി ഉണ്ടായിട്ടുള്ള നഷ്ടങ്ങൾ ഈടാക്കുന്നതിനുവേണ്ടിയുള്ള അഡ്ജൂഡിക്കേറ്റീവ് ട്രൈബ്യൂണൽ രൂപീകരിക്കാൻ വേണ്ടിയാണ് ഗവൺമെന്റ് ഇപ്പോൾ തീരുമാനമെടുത്തിട്ടുള്ളത്.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, പ്ലാച്ചിമടയിലെ കൊക്കോക്കോള കമ്പനി നടത്തിക്കൊണ്ടിരിക്കുന്ന ജലചൂഷണത്തിനെതിരെ ശക്തമായ ജനവികാരം വന്ന അവസരത്തിലാണ് ആ കമ്പനി പൂട്ടുന്നതിനാവശ്യമായിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

നടപടി സ്വീകരിച്ചത്. ഈ നിലയിലുള്ള ജനവികാരം വരുമ്പോൾ രണ്ട് അഭിപ്രായമുണ്ടായിരുന്നു. ഒന്ന്, വലിയതോതിൽ ജലചൂഷണം നടത്തുന്നു എന്നൊരു അഭിപ്രായവും മറ്റൊന്ന് ഒന്നും സംഭവിക്കുന്നില്ല എന്നൊരു അഭിപ്രായവുമാണ് വന്നത്. കമ്പനി അടച്ചിട്ട് വർഷങ്ങളായി. കമ്പനി അടച്ചതിന്റെ ഭാഗമായി ജലചൂഷണം ഇല്ലാതാകുന്ന എന്തെങ്കിലും സ്ഥിതി വിശേഷമുണ്ടായിട്ടുണ്ടോ; ആ വാദത്തിന് അനുകൂലമായ എന്തെങ്കിലും പുരോഗതി ഉണ്ടായിട്ടുണ്ടോ?

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ: സർ, കമ്പനി അടച്ചതിനുശേഷം സ്ഥിതി മെച്ചപ്പെട്ടിട്ടുണ്ടെന്നുള്ളതാണ് നടത്തിയ പഠനങ്ങളിൽ നിന്ന് ഗവൺമെന്റിന് ബോധ്യപ്പെട്ടിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽത്തന്നെയാണ് ഇപ്പോൾ നടപടികൾ സ്വീകരിച്ചുവരുന്നത്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

(2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷയെക്കുറിച്ച് തെളിവ് ശേഖരിക്കുന്ന ഉന്നതാധികാര സമിതിയുടെ പഠനം

4(*214) ശ്രീ. കെ. ശിവദാസൻ നായർ:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. ബാബു :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷയെക്കുറിച്ച് തെളിവ് ശേഖരിക്കുന്ന ഉന്നതാധികാര സമിതി മുല്ലപ്പെരിയാർ ഡാമും പരിസര പ്രദേശങ്ങളും സന്ദർശിച്ച് പഠനം നടത്തുകയുണ്ടായോ ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഉന്നതാധികാരസമിതി ഇവിടെ എന്തൊക്കെയാണ് പരിശോധിക്കുന്നത് ;

(സി) ആരിൽ നിന്നൊക്കെ തെളിവെടുക്കും എന്നാണ് അറിയിച്ചിട്ടുള്ളത് ;

(ഡി) മുല്ലപ്പെരിയാർ കേസിൽ ജലസേചന വകുപ്പിലെ മുൻ ചീഫ് എഞ്ചിനീയർ ഡാമിന്റെ സുരക്ഷാകാര്യങ്ങളെക്കുറിച്ച് പഠനം നടത്തിയ റൂർക്കി ഐ.ഐ.റ്റി. പ്രൊഫസർമാർ എന്നിവരെ സാക്ഷികളാക്കണമെന്ന് സംസ്ഥാനം സുപ്രീം കോടതിയിൽ അപേക്ഷ നൽകിയിരുന്നുവോ ;

(ഇ) എങ്കിൽ ഇക്കാര്യം കോടതി അനുവദിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly